"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ- 14-ാം പഞ്ചവൽസരപദ്ധതി- സബ്സിഡി മാർഗ്ഗരേഖ- കിണർ റീചാർജിങ്ങിന് അനുവദിച്ചിട്ടുള്ള പരാമവധി സബ് സിഡി തുക (പരന്ന മേൽക്കൂരയ്ക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 15000/- രൂപയും) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവർത്തി ചെയ്യുന്നതിനുള്ള പരമാവധി യൂണിറ്റ് കോസ്റ്റായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1475/2023/LSGD തീയതി,തിരുവനന്തപുരം, 19-07-2023

---

പരാമർശം:-

1. റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് സെൻർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/03/2022 ലെ കത്ത്
2. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15/03/2022, 29/08/2022 , 02/2/2023, 01/06/2023 എന്നീ തീയതികളിലെ NREGA/2200/2019-B2 നമ്പർ കത്ത്
3. 28/05/2022 ലെസ ഉ (കൈ) നം 115/2022/തസ്വഭവ
4. തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയറുടെ 02/02/2023 ലെ DB5/2732/2022/CE/LID&EW നമ്പർ കത്ത്

<u>ഉത്തരവ്</u>

ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കിണർ റീചാർജ്ജിംഗ് നടത്തുന്നതിനുള്ള യൂണിറ്റ് നിലവിലിൽ പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 8000 രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 8600 രൂപയുമാണെന്നും നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം മിക്ക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും കിണർ റീചാർജ്ജ് പദ്ധതി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ആയതിനാൽ നിലവിലെ യൂണിറ്റ് കോസ്റ്റ് 16000 രൂപയായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആൻറ് ഡവലപ്മെന്റ് സെന്റർ, തൃശ്ശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ കിണർ റിചാർജ്ജിംഗുമായി ബന്ധപ്പെട്ട് പരണ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 15000 രൂപയും യൂണിറ്റ് കോസ്റ്റായി സർക്കാർ അനുവദിച്ച് നല്കിയിട്ടുള്ളതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്കും പ്രസ്തുത കിണർ റി ചാർജ്ജ് യൂണിറ്റ് കോസ്റ്റ് ബാധകമാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ

ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 14-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജിങ്ങിന് അനുവദിച്ചിട്ടുള്ള പരമാവധി സബ്സിഡി തുക (പരന്നമേൽക്കൂരയ്ക്ക് 12,000/- രൂപയും, ചരിഞ്ഞ മേൽക്കൂരയ്ക്ക് 15,000/- രൂപയും) MGNREGS അംഗീകൃത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അളവുകളുടെ അടിസ്ഥാനത്തിൽ NREGS -ൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവൃത്തികളിലും പരമാവധി യൂണിറ്റ് കോസ്റ്റായി കണക്കാക്കാവുന്നതായി പരാമർശം 4 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ കിണർ റീചാർജിങ്ങിന് അനുവദിച്ചിട്ടുള്ള പരാമവധി സബ്സിഡി തുക (പരന്ന മേൽക്കൂരയ്ക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 15000/- രൂപയും) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അളവുകളുടെ അടിസ്ഥാനത്തിൽ NREGS -ൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവർത്തി ചെയ്യുന്നതിനുള്ള പരമാവധി യൂണിറ്റ് കോസ്റ്റായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് സെൻർ
എല്ലാ കോർപ്പറേഷൻ / മുനിസിപ്പൽ സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ് മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ ) വകുപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പിആർഡി (വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Priya S A
Date: 20-07-2023 11:13:06

പകർപ്പ്

ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സ്